പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4581 — 21.03.2018 -ൽ മറുപടിക്ക്

## കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ഭക്ഷ്യധാന്യ വിഹിതം

| ചോദ്യം<br>**ശ്രീ.അനൂപ് ജേക്കബ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം 2014-15, 2015-16, 2016-17, 2017-18 വർഷങ്ങളിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതും കേന്ദ്രത്തിൽ നിന്ന് ലഭിച്ചതുമായ ഭക്ഷ്യധാന്യ വിഹിതം എത്രയാണെന്ന് ഇനം തിരിച്ച് അറിയിക്കുമോ ; | (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനു മുൻപ് ഒരു വർഷം കേരളത്തിന് ശരാശരി 16.01 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നത്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ആയതിന്റെ അളവ് 14.25 ലക്ഷം മെട്രിക് ടൺ ആയി നിജപ്പെടുത്തുകയുണ്ടായി. നേരത്തെ അനുവദിച്ചിരുന്ന അളവിൽ തന്നെ ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്നും അഡ്ഹോക് അലോട്ട്മെന്റ് ലഭ്യമാക്കണമെന്നും പല തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം കേന്ദ്രം നിരസിക്കുകയാണുണ്ടായിട്ടുള്ളത്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയത് 2016 നവംബർ മുതലാണ്. 2016-17 ലെ പ്രസ്തുത കാലയളവു മുതലും 2017-18 സാമ്പത്തിക വർഷത്തിലും ലഭ്യമായ ഭക്ഷ്യധാന്യ വിഹിതത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഭക്ഷ്യഭദ്രതാനിയമം നടപ്പാക്കുന്നതിലെ കാലതാമസം കാരണം പ്രസ്തുത വർഷങ്ങളിൽ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭ്യമാകേണ്ട ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവു വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിലെ കാലതാമസം കാരണം ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിൽ കുറവു വന്നിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2016 ജൂലൈ മുതൽ ഭക്ഷ്യധാന്യങ്ങളുടെ അധിക വിഹിതം (അഡ്ഹോക്ക്) സംസ്ഥാനത്തിന് ലഭ്യമായിരുന്നില്ല. ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്തിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ, 2016 നവംബർ മുതൽ എ.പി.എൽ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾക്ക് MSP നിരക്കിൽ തുകയൊടുക്കണമെന്നും എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ അധിക വിഹിതം (അഡ്ഹോക്ക്) ലഭ്യമാക്കില്ല എന്നും കേന്ദ്രം അറിയിച്ചിരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചത്. (2016 നവംബർ മുതൽ 2017- മാർച്ച് വരെ)

അളവ് (മെ.ടണ്ണിൽ)

| വിഭാഗം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| എ.എ.വൈ | 84037.450 | 20227.375 | 104264.825 |
| മുൻഗണനാ വിഭാഗം | 260365.890 | 62668.710 | 323034.600 |
| ടൈഡ് ഓവർ വിഹിതം | 160011.916 | 6459.074 | 166470.990 |
| ആകെ | **504415.256** | **89355.159** | **593770.415** |

2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചത്.

(അളവ് മെ.ടണ്ണിൽ)

| വിഭാഗം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| എ.എ.വൈ | 202639.880 | 47595.700 | 250235.580 |
| മുൻഗണനാ വിഭാഗം | 624878.136 | 150404.904 | 775283.040 |
| ടൈഡ് ഓവർ വിഹിതം | 322021.488 | 77508.888 | 399530.376 |
| ആകെ | **1149539.504** | **275509.492** | **1425048.996** |

സെക്ഷൻ ഓഫീസർ